പതിനാറാം കേരളനിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2026-2028)

പത്താമത് റിപ്പോർട്ട്

(2026 ഒക്ടോബർ 28-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട (തിരുവല്ല മുൻസിപ്പാലിറ്റി, കാസർഗോഡ് ജില്ല, കാസർഗോഡ് മുൻസിപ്പാലിറ്റി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.]

കേരളനിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

പതിനാറാം കേരളനിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2026-2028)

......പത്താമത്...... റിപ്പോർട്ട്

(2026 ഒക്ടോബർ ......28-ാം...... തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട (തിരുവല്ല മുൻസിപ്പാലിറ്റി, കാസർഗോഡ് ജില്ല, കാസർഗോഡ് മുൻസിപ്പാലിറ്റി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.]

ഉള്ളടക്കം

പേജ്

സമിതിയുടെ ഘടന :

മുഖവുര :

റിപ്പോർട്ട് :

അനുബന്ധം I

പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും :

അനുബന്ധം II

സർക്കാരിൽ നിന്നും ലഭിച്ച മറുപടി :

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2026-2028)

ഘടന

അദ്ധ്യക്ഷൻ :

ശ്രീ. അൻവർ സാദത്ത്

അംഗങ്ങൾ

ശ്രീ. അപ്പു ജോൺ ജോസഫ്

ശ്രീ. എ.കെ.എം. അഷ്റഫ്

ശ്രീ. വി. ജോയി

ശ്രീ. കെ പി. നൗഷാദ് അലി

ശ്രീ. പി. പ്രസാദ്

ശ്രീ. രാജൻ ജെ. പല്ലൻ

ശ്രീ. സജീവ് ജോസഫ്

ശ്രീ. സജി ചെറിയാൻ

ശ്രീ. പി.എം.എ. സമീർ

ശ്രീ. ടി. ജെ. വിനോദ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി ഇൻ ചാർജ്ജ്

ശ്രീമതി രജി ഡി. ഒ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ബിന്ദുരാജ് ഡി., അണ്ടർ സെക്രട്ടറി

മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2026-2028)യുടെ 10-ാമത് റിപ്പോർട്ട്. സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട (തിരുവല്ല മുൻസിപ്പാലിറ്റി, കാസർഗോഡ് ജില്ല, കാസർഗോഡ് മുൻസിപ്പാലിറ്റി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

2026 ഒക്ടോബർ മാസം ......26......-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

അൻവർ സാദത്ത്,
ചെയർപേഴ്സൺ
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2026, ഒക്ടോബർ 28

റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട (തിരുവല്ല മുൻസിപ്പാലിറ്റി, കാസർഗോഡ് ജില്ല, കാസർഗോഡ് മുൻസിപ്പാലിറ്റി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാമർശങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

ഓഡിറ്റ് ഖണ്ഡിക

തിരുവല്ല കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ - വസ്തുനികുതി പിഴ ഉൾപ്പെടെ ലഭിക്കാനുള്ളത് 2.62 കോടി രൂപ

തിരുവല്ല മുൻസിപ്പാലിറ്റി

[തിരുവല്ല മുനിസിപ്പാലിറ്റി 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-1]

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 242 അനുസരിച്ച് നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് നികുതി ഈടാക്കുമ്പോൾ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, കെട്ടിടം പണി പൂർത്തിയാക്കുകയോ വകുപ്പ് 233(2) പ്രകാരമുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ പൊളിച്ചുമാറ്റുന്ന തീയതി വരെ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി നൽകുവാൻ ഉടമ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

2015-16, 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലെ വസ്തുനികുതി ഇനത്തിൽ തിരുവല്ല നഗരത്തിന്റെ ഹൃദയ ഭാഗത്ത് പ്രവർത്തിച്ചു വരുന്ന കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന് 2,62,11,888/- രൂപ കുടിശ്ശികയുണ്ട്. നഗരസഭയുടെ ഒക്യുപെൻസിയോ, കെട്ടിട നമ്പരോ ഇല്ലാതെ 06.06.2015 മുതൽ ഇത് പ്രവർത്തിച്ചു വരുന്നു. ആധുനിക സൗകര്യങ്ങളോടു കൂടി 12 നിലകളിലായി 2.30 ലക്ഷം സ്ക്വയർ ഫീറ്റിൽ 41.38 കോടി രൂപ ചെലവഴിച്ച് ബി.ഒ.റ്റി. അടിസ്ഥാനത്തിൽ കേരള ട്രാൻസ്പോർട്ട് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷനാണ് ഇത് നിർമ്മിച്ചിട്ടുള്ളത്. ടെർമിനലിന്റെ 'ഗ്രൗണ്ട് ഫ്ലോർ' ബസ് പാർക്കിംഗിനും മറ്റ് നിലകൾ കെ.എസ്.ആർ.ടി.സി. ഓഫീസായും ഷോപ്പിംഗ് കോംപ്ലക്സായും ഉപയോഗിക്കുന്നു.

27.2.2010-ൽ BP-547/08-09-ാം നമ്പർ പെർമിറ്റ് പ്രകാരം കെട്ടിട നിർമ്മാണത്തിന് നൽകിയ അനുമതി കാലാവധി 27.2.2013-ൽ അവസാനിച്ചുവെങ്കിലും തുടർന്ന് കെ.റ്റി.ഡി.എഫ്.സി അനുമതി പുതുക്കുകയോ ഇതിനെതിരെ നഗരസഭ തുടർ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. നിർമ്മാണ അനുമതി പുതുക്കി നഗരസഭയിൽ നിന്നും കെട്ടിട നമ്പർ സമ്പാദിക്കാതെ തന്നെ 05-06-2015-ൽ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ ഔദ്യോഗികമായി പ്രവർത്തനം ആരംഭിച്ചു.

കൗൺസിലിന്റെ 31.03.2017-ലെ 16(3) തീരുമാന പ്രകാരം ബസ് ടെർമിനലിനും അനുബന്ധ കെട്ടിടങ്ങൾക്കും UA നമ്പരിട്ട് നൽകുന്നതിനും നിയമാനുസൃതമായ പിഴ ചുമത്തി

നികുതി ഈടാക്കുന്നതിനും നിർദ്ദേശിച്ചതനുസരിച്ച് കേരള ട്രാൻസ്പോർട്ട് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷന് 7.06.2017-ൽ നഗരസഭ കത്ത് നൽകി. പ്രതിവർഷം അടവാക്കേണ്ട വസ്തുനികുതി ചുവടെ ചേർക്കും പ്രകാരം നിശ്ചയിക്കുകയും ചെയ്തു.

കെട്ടിട നമ്പർ	**പ്രതിവർഷം അടയ്ക്കേണ്ട യഥാർത്ഥ തുക**	**പിഴ ഉൾപ്പെടെ പ്രതിവർഷം അടയ്ക്കേണ്ട തുക**
35/445(1)	3,08,225	9,24,675
35/445(2)	2,38,231	7,14,693
35/445(3)	2,79,606	8,38,818
35/445(4)	2,64,075	7,92,225
35/445(5)	2,48,538	7,45,614
35/445(6)	2,22,637	6,67,911
35/445(7)	2,22,637	6,67,911
35/445(8)	2,96,849	8,90,547
35/445(9)	2,96,849	8,90,547
35/445(10)	2,96,849	8,90,547
35/445(11)	18,840	56,520
35/445(12)	2,19,096	6,57,288
ആകെ	**29,12,432**	**87,37,296**

എന്നാൽ 19.06.2017 ൽ കെ.റ്റി.ഡി.എഫ്.സി. ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ നൽകിയിരിക്കുന്ന ഡിമാന്റ് നോട്ടീസ് പുന:പരിശോധിച്ച് കെട്ടിടത്തിന് സ്ഥിര നമ്പർ നൽകി സാധാരണ നിരക്ക് പ്രകാരം യഥാർത്ഥത്തിൽ ഒടുക്കുവാനുള്ള തുക എത്രയെന്ന് അറിയിക്കുന്ന മുറയ്ക്ക് തുക ഒടുക്കുന്നതാണെന്നും അറിയിച്ചു.

നഗരസഭയുടെ ഒക്യുപെൻസി സർട്ടിഫിക്കറ്റോ, കെട്ടിട നമ്പരോ ലഭ്യമാകാതെ തന്നെ 05.06.2015-ൽ ബസ് ടെർമിനലിന്റെ പ്രവർത്തനം ആരംഭിച്ചു. ബസ് ടെർമിനൽ പ്രവർത്തനം ആരംഭിച്ച് 2 വർഷം കഴിഞ്ഞിട്ടും ഫൈനൽ ഫയർ NOC ഹാജരാക്കുന്നതിനോ, കംപ്ലീഷൻ പ്ലാനോ, കംപ്ലീഷൻ സർട്ടിഫിക്കറ്റോ സമർപ്പിക്കുന്നതിനോ കെ.റ്റി.ഡി.എഫ്.സിയ്ക്ക് കഴിഞ്ഞിട്ടില്ല.

ഡിമാന്റ് ചെയ്ത പ്രകാരം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിന്റെ 2015-16 മുതൽ 2017-18 വരെയുള്ള വസ്തുനികുതി ഈടാക്കിയിരുന്നെങ്കിൽ നഗരസഭയ്ക്ക് 2.62 കോടി (8737296x3) രൂപ ലഭിക്കുമായിരുന്നു. വസ്തുനികുതി അടിയന്തിരമായി ഈടാക്കുന്നതിനുള്ള നിയമ നടപടികൾ അധികൃതർ സ്വീകരിക്കേണ്ടതാണ്. നഗരസഭയ്ക്കുണ്ടായ വീഴ്ച സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

06.07.2018-ൽ നികുതി അടയ്ക്കുന്നതിന് കെ.റ്റി.ഡി.എഫ്.സി-ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും

കൗൺസിൽ തീരുമാനത്തിന് വിധേയമായി റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നിയമ നടപടി സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയതായി തിരുവല്ല നഗരസഭ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 01.08.2018 ലെ കെ.എസ്.എ.റ്റി.എൽ.എം.റ്റി.2/198/2018 നമ്പർ കത്തിലൂടെ അറിയിച്ചിട്ടുണ്ട്

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 1.3, 1.3.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

2. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ തിരുവല്ല കെ. എസ്. ആർ. ടി. സി. ബസ് ടെർമിനലുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

മൊബൈൽ ടവറുകളിൽനിന്നും നികുതി ഈടാക്കുന്നില്ല - ലക്ഷങ്ങളുടെ നികുതി നഷ്ടം

[തിരുവല്ല മുനിസിപ്പാലിറ്റി 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-4]

തദ്ദേശ ഭരണ വകുപ്പിന്റെ 14.01.11 ലെ 17/11,18/11 എന്നീ സർക്കുലറുകളുടെ അടിസ്ഥാനത്തിൽ 19.01.12 ലെ കൗൺസിലിന്റെ 1(2)-ാംനമ്പർ തീരുമാനപ്രകാരം നഗരസഭയിൽ നികുതി നിരക്കുകൾ പുനർനിർണ്ണയിച്ചതനുസരിച്ച് മൊബൈൽ ടവറുകളുടെ വസ്തുനികുതി ചതുരശ്ര മീറ്ററിന് 500 രൂപ നിരക്കിലും സേവന ഉപനികുതി അടിസ്ഥാന വസ്തുനികുതി നിരക്കിന്റെ 9% നിരക്കിലും നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പുതിയ നിരക്കിലുള്ള നികുതി നിർണ്ണയിച്ച് ഈടാക്കാത്തതിനാൽ ലക്ഷങ്ങളാണ് നഗരസഭക്ക് നികുതിയിനത്തിൽ നഷ്ടമായിക്കൊണ്ടിരിക്കുന്നത്.

തിരുവല്ല നഗരസഭാ പരിധിയിലുള്ള 21 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശികയിനത്തിൽ 9,53,280/- രൂപ ഈടാക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ടവറിന്റെ പേര്	ഈടാക്കേണ്ട കാലയളവ്	ഈടാക്കേണ്ട നികുതി (രജിസ്റ്റർ പ്രകാരം)
1	ATC ടെലികോം ടവർ	2015-16 മുതൽ ഈടാക്കാൻ അവശേഷിക്കുന്നു	8,802 x 2 = 17,604
2	M/S റിലയൻസ് ജിയോ	2015-16 മുതൽ	2,052 x 2 = 4,104

	ഇൻഫോ കമ്പനി ലിമിറ്റഡ്	ഈടാക്കാൻ അവശേഷിക്കുന്നു	
3	ഭാരതി എയർടെൽ ലിമിറ്റഡ്	2014-15 - 2-ാം അർദ്ധവർഷം മുതൽ	1,830 x 3 = 5,490
4	എസ്സാർ ടെലികോം ഇൻഫ്രാസ്ട്രക്ചർ (p)ലിമിറ്റഡ്	2015-16 മുതൽ ഈടാക്കാൻ അവശേഷിക്കുന്നു	12,600 x 2 = 25,200
5	ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ്	2011-12 മുതൽ	18,000 x 6 = 1,08,000
6	M/s ഭാരതി സെല്ലുലാർ ലിമിറ്റഡ്	2011-12 മുതൽ	18,900 x 6 = 1,13,400
7	ഡിഷ് നെറ്റ് വയർലെസ്സ്	2015-16 മുതൽ ഈടാക്കാൻ അവശേഷിക്കുന്നു	31,500 x 2 = 63,000
8	റിലയൻസ്	2009-10 മുതൽ	18,300 x 8 = 1,46,400
9	റ്റാറ്റ ഇൻഫോ സർവീസ് ലിമിറ്റഡ്	2010-11 മുതൽ	20,325 x 7 = 1,42,275
10	എയർസെൽ ഡിഷ് നെറ്റ്	2010-11 മുതൽ	18,000 x 7 = 1,26,000
11	വയർലസ്സ് T.t	2015-16 മുതൽ ഈടാക്കാൻ അവശേഷിക്കുന്നു	18,000 x 2 = 36,000
12	ഭാരതി സെപ്പാർ	2015-16 മുതൽ ഈടാക്കാൻ അവശേഷിക്കുന്നു	18,826 x 2 = 37,652
13	ഭാരതി സെല്ലുലാർ ലിമിറ്റഡ്	2015-16 മുതൽ ഈടാക്കാൻ അവശേഷിക്കുന്നു	27,000 x 2 = 54,000
14	വയർലസ് Tt ഇൻഫോ ലിമിറ്റഡ്	2015-16 മുതൽ ഈടാക്കാൻ അവശേഷിക്കുന്നു	15,000 x 2 = 30,000
15	ഇൻഡസ് ടവർ	16-17 മുതൽ	18,000 x 1 = 18,000
16	എസ്കോട്ടെൽ മൊബൈൽ കമ്മ്യൂണിക്കേഷൻസ്	16-17 മുതൽ	20,280 x 1 = 20,280
17	M/S റിലയൻസ് കമ്മ്യൂണിക്കേഷൻസ്	2010-11 മുതൽ	2,700 x 7 = 18,900
18	റിലയൻസ് ജിയോ	16-17 മുതൽ	2,415 x 1 = 2,415

	ഇൻഫോ കോം		
19	M/s എസ്സാർ ടെലികോം	2015-16 മുതൽ	2,250 x 2 = 4,500
20	ഭാരതി ഇൻഫ്രാ ടെലികോം	2015-16 - 2-ാം അർദ്ധവർഷം മുതൽ	2,544 x 2 = 5,088
21	റിലയൻസ് ജിയോ ഇൻഫോ കോം.	2015-16 - 2-ാം അർദ്ധവർഷം മുതൽ	986 x 2 = 1,972
		ആകെ	**9,80,280**

നഗരസഭാ പരിധിയിലുള്ള എല്ലാ മൊബൈൽ ടവറുകളുടെയും വസ്തുനികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്ന് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്.

കുടിശ്ശിക ഒടുക്കുന്നതിന് എല്ലാ മൊബൈൽ കമ്പനികൾക്കും ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും വസ്തുനികുതി പരിഷ്കരണ പ്രക്രിയ പൂർത്തീകരിക്കുന്ന മുറയ്ക്ക് മൊബൈൽ ടവറുകളുടെ പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി ഈടാക്കുന്നതാണെന്നും നഗരസഭ മറുപടി നൽകിയിട്ടുള്ളതായി തിരുവല്ല നഗരസഭ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 01.08.2018 ലെ കെ.എസ്.എ.റ്റി.എൽ. എം.റ്റി.2/198/2018 നമ്പർ കത്തിലൂടെ അറിയിച്ചിട്ടുണ്ട്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 1.3, 1.3.2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

3. പുതുതായി സ്ഥാപിച്ചത് ഉൾപ്പെടെ നിലവിൽ ആകെ 27 മൊബൈൽ ടവറുകളാണ് ഉള്ളതെന്നും അതിൽ 22 മൊബൈൽ ടവറുകളുടെ 2023-24 വരെയുള്ള നികുതി അടച്ചിട്ടുണ്ടെന്നും 14/958-1 നമ്പർ ഇൻഡസ് ടവറിന്റെ 2022-23 മുതലുള്ള നികുതി ഈടാക്കാൻ ഡിമാന്റ് നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ തുക അടയ്ക്കാമെന്ന് അറിയിച്ചിട്ടുണ്ടെന്നും റിലയൻസിന്റെ ടവറുകളുടെയും എസ്കോട്ടൽ, ഭാരതി സെല്ലുലാർ, എയർസെൽ ഡിഷ് നെറ്റ് എന്നിവയുടെ ഉടമസ്ഥതയിലുള്ള ടവറുകളുടെയും വസ്തു നികുതി കുടിശിക ഈടാക്കാൻ റവന്യൂറിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും തിരുവല്ല മുനിസിപ്പാലിറ്റി സെക്രട്ടറി വ്യക്തമാക്കി.

4. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

5. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ മൊബൈൽ ടവറുകളിൽ നിന്നും നികുതി ഈടാക്കുന്നില്ല - ലക്ഷങ്ങളുടെ നികുതി നഷ്ടം എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ

സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

സെൻട്രൽ പെൻഷൻ ഫണ്ട് -നഗരസഭയ്ക്ക് ലഭിക്കാനുള്ളത്7.57 കോടിരൂപ

[തിരുവല്ല മുനിസിപ്പാലിറ്റി 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-15]

കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ 1996, കേരള മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങൾ 1997 എന്നിവയിലെ ചട്ടം 6 പ്രകാരം രൂപീകരിച്ചിട്ടുള്ള സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളുടെ വിതരണത്തിനായി ലഭിക്കുന്ന ഫണ്ട് നഗരസഭ സെക്രട്ടറിയുടെ പേരിൽ ട്രഷറിയിലോ ദേശസാൽകൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ, സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും അതിൽ നിന്നും പെൻഷൻ വിതരണം ചെയ്യേണ്ടതുമാണ്.

റഗുലർ ജീവനക്കാരുടെ മൊത്തം ശമ്പളത്തിന്റെ 15% പെൻഷൻ വിഹിതമായി എല്ലാ മാസവും നഗരസഭ, സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കു വരുത്തുന്നുണ്ട്. എന്നാൽ വിരമിക്കുന്ന ജീവനക്കാർക്ക് വിതരണം ചെയ്യുന്നതിനാവശ്യമായ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും യഥാസമയം ലഭിക്കുന്നില്ല. നഗരസഭയിൽ നിന്നും നിലവിൽ 65 പേർക്ക് റഗുലർ പെൻഷൻ നൽകുന്നുണ്ട് (57+8 ഫാമിലി പെൻഷൻ). 2017 മാർച്ച് മാസം അവസാനിക്കുമ്പോൾ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് 7.57 കോടി രൂപ ലഭിക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയത്	നഗരസഭയ്ക്ക് ലഭിച്ച പെൻഷൻ അലോട്ട്മെന്റ്	റഗുലർ പെൻഷൻ ഇനത്തിൽ നഗരസഭയ്ക്ക് ചെലവായ തുക	പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ നഗരസഭയ്ക്ക് ലഭിക്കാനുള്ളത് (പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും)
2007	10,96,315	9,45,838	2,81,937	3,59,798
2008	13,09,903	7,28,899	19,39,868	9,71,475
2009	14,79,475	0	24,27,362	15,26,440
2010	15,79,400	8,00,000	29,14,260	24,04,664
2011	19,43,453	0	38,56,874	39,37,417
2012	22,24,043	0	44,77,654	48,51,744
2013	24,14,374	1,00,00,000	63,54,975	63,29,000
2014	27,12,205	0	82,00,951	86,61,308
2015	29,27,293	41,30,091	98,52,251	1,28,52,251

2016	33,79,108	0	1,26,52,400	1,78,88,390
2017	15,28,454	0	78,71,994	1,59,02,791
ആകെ	**2,25,94,023**	**1,66,04,828**	**6,08,30,526**	**7,56,85,278**

സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് ലഭിക്കുവാനുള്ള തുക സമയബന്ധിതമായി ലഭ്യമാക്കുന്നതിലേക്ക് വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

നഗരസഭയ്ക്ക് ലഭിക്കാനുള്ള 7.56 കോടി രൂപയിൽ 1.25 കോടി രൂപ 08.03.2018 ൽ ലഭിച്ചിട്ടുണ്ടെന്നും സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ബാക്കി തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചതായി തിരുവല്ല നഗരസഭ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 01.08.2018 ലെ കെ.എസ്.എ.റ്റി.എൽ.എം.റ്റി.2/198/2018 നമ്പർ കത്തിലൂടെ അറിയിച്ചിട്ടുണ്ട്

.[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 1.3, 1.3.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

6. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് 14,81,51,663/-രൂപ ലഭിക്കാനുണ്ടെന്നും ഇതിനായി നിരന്തരം കത്തുകൾ അയയ്ക്കുന്നുണ്ടെങ്കിലും തുക ലഭ്യമായിട്ടില്ലെന്നും തിരുവല്ല മുനിസിപ്പാലിറ്റി സെക്രട്ടറി ബോധിപ്പിച്ചു. തുക ലഭ്യമാക്കാത്തത് എന്തുകൊണ്ടാണെന്ന സമിതിയുടെ ചോദ്യത്തിന് പെൻഷൻ ഫണ്ട് നിരന്തരം ചർച്ച ചെയ്യുന്ന വിഷയമാണെന്നും റെഗുലർ ജീവനക്കാരുടെ മൊത്തം ശമ്പളത്തിന്റെ 15 ശതമാനം പെൻഷൻ കോൺട്രിബ്യൂഷനായി എല്ലാ മാസവും നഗരസഭ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കുവരുത്തുന്നുണ്ടെങ്കിലും വിരമിക്കുന്ന ജീവനക്കാർക്ക് വിതരണം ചെയ്യുന്നതിനാവശ്യമായ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും യഥാസമയം ലഭിക്കുന്നില്ലെന്നും അഡീഷണൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് തിരുവല്ല മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി.

7. തുക പങ്കാളിത്ത പെൻഷനുമായി ബന്ധപ്പെട്ടതാണോയെന്ന സമിതിയുടെ ചോദ്യത്തിന് സ്റ്റാറ്റ്യൂട്ടറി പെൻഷൻ സ്കീമാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ മറുപടി നൽകി. ഇതു സംബന്ധിച്ച് കണക്കുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു. തിരുവല്ല നഗരസഭയ്ക്ക് പെൻഷൻ ഇനത്തിൽ 10.50 കോടിയോളം രൂപ ലഭിക്കാനുണ്ടെന്ന് തിരുവല്ല മുനിസിപ്പാലിറ്റി സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചു. ഇക്കാരണത്താൽ വിരമിച്ച ജീവനക്കാരുടെ പെൻഷൻ മുടങ്ങുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ഫണ്ടിന്റെ ലഭ്യത കുറയുന്ന സാഹചര്യത്തിൽ കുറച്ച് പേരുടെ പെൻഷൻ മുടങ്ങാറുണ്ടെന്നും അത്തരത്തിൽ പെൻഷൻ ലഭിക്കാത്ത ആളുകൾ കോടതിയെ സമീപിക്കുകയും കോടതി ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുമ്പോൾ നഗരസഭകളുടെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും പെൻഷൻ അനുവദിക്കുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ വ്യക്തമാക്കി.

ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങളും ശിപാർശകളും

8. തിരുവല്ല നഗരസഭയ്ക്ക് 31/12/2022 ലെ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും 11,08,91,381 രൂപ ലഭിക്കാനുണ്ടെന്നും, നഗരകാര്യ ഡയറക്ടറുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ജനറൽ പർപ്പസ് ഗ്രാന്റിൽ ആവശ്യമായ നീക്കിയിരിപ്പ ഇല്ലാത്തതിനാൽ പെൻഷനും, പെൻഷൻ ആനുകൂല്യങ്ങളും നൽകുന്നതിന് തനതുഫണ്ടിൽ നിന്നും ചെലവഴിച്ചു വരികയാണെന്നും സമിതി മനസ്സിലാക്കുന്നു. സ്പെഷ്യൽ പെൻഷൻ ഫണ്ടിന്റെ ലഭ്യത കുറവ് കാരണം വിരമിച്ച ജീവനക്കാരുടെ പെൻഷൻ വിതരണം മുടങ്ങുന്ന അവസ്ഥ സംജാതമാകുമെന്ന് വിലയിരുത്തിയ സമിതി, നഗരസഭയ്ക്ക് അർഹമായ തുക ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

കാസർഗോഡ് ജില്ല

ഓഡിറ്റ് ഖണ്ഡിക

ഗ്രാമീണമാർക്കറ്റും തൊഴിൽ പരിശീലന കേന്ദ്രവും നിഷ്ക്രിയ ആസ്തിയായി തുടരുന്നു.

[കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-10]

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിക്കുകയും, 2015-16 വർഷത്തിൽ പണി പൂർത്തീകരിച്ച് 25.09.2015 ൽ ഉദ്ഘാടനം നിർവഹിക്കപ്പെടുകയും ചെയ്ത ഗ്രാമീണ മാർക്കറ്റും തൊഴിൽ പരിശീലന കേന്ദ്രവും നിഷ്ക്രിയ ആസ്തിയായിരിക്കുകയാണ്. രണ്ട് നിലകളിലായി ആകെ 10 മുറികളും, ഒരു ഹാളും ഉള്ള കെട്ടിടത്തിന്റെ നിർമ്മാണചെലവ് 48,73,131/- രൂപയാണ്. മുറികൾ വാടകയ്ക്ക് നൽകാനും, ഹാളിൽ പരിശീലനകേന്ദ്രം നടത്താനുമാണ് നിശ്ചയിച്ചിരുന്നത്.

ഉദ്ഘാടനം കഴിഞ്ഞ് രണ്ട് വർഷം കഴിഞ്ഞിട്ടും ഈ 10 മുറികൾ വാടകയ്ക്ക് നൽകുന്നതിനായി ഒരു നടപടിയും ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഇവിടെ സ്വയംതൊഴിൽ പരിശീലനകേന്ദ്രം തുടങ്ങുന്നതിനായി 2015-16 ലെ വ്യവസായ വികസന ഓഫീസറുടെ പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും 9,02,578/- രൂപ ചെലവഴിച്ച് കമ്പ്യൂട്ടറുകൾ, തയ്യൽ മെഷീനുകൾ, മറ്റ് ഫർണിച്ചറുകൾ എന്നിവ ചുവടെ ചേർത്ത പ്രകാരം സിഡ്കോയിൽ നിന്നും വാങ്ങിച്ചിട്ടുണ്ട്. (സ്വയംതൊഴിലിന് കമ്പ്യൂട്ടർ പരിശീലനം എന്നത് പദ്ധതി മാർഗ്ഗരേഖകൾക്ക് വിരുദ്ധമാണ്).

ക്രമ.നം	ഇനം	എണ്ണം
1	സെർവ്വർ കമ്പ്യൂട്ടർ HP	1
2	ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ - acer	10

3	യു.പി.എസ് 1 kv, ബാറ്ററി	1
4	യു.പി.എസ് 600 W	10
5	പ്രിന്റർ (കാനൻ)	1
6	ലാൻ, മോഡം, അനുബന്ധഉപകരണങ്ങൾ മുതലായവ	1
7	എൽ.സി.ഡി പ്രൊജക്ടർ (ഡെൽ)	1
8	സ്റ്റീൽ കമ്പ്യൂട്ടർ ടേബിൾ	11
9	സ്റ്റീൽ കമ്പ്യൂട്ടർ ചെയർ	11
10	തയ്യൽ മെഷീൻ + അനുബന്ധഉപകരണങ്ങൾ	8
11	ഓവർലോക്ക് തയ്യൽ മെഷീൻ + അനുബന്ധഉപകരണങ്ങൾ	1
12	എംബ്രോയ്ഡറി തയ്യൽ മെഷീൻ + അനുബന്ധഉപകരണങ്ങൾ	1
13	അയൺ ബോക്സ്	1
14	പ്ലയിൻ ടേബിൾ (ആഞ്ഞിലി മരം) 6x3 അടി	1
15	പ്ലയിൻ ടേബിൾ (ആഞ്ഞിലി മരം) 3x2 അടി	1
16	സ്റ്റൂൾ (ആഞ്ഞിലി മരം)	12
17	സ്റ്റീൽ കാബിനറ്റ് യു.പി.എസ് 1 kv, ബാറ്ററി	2
18	സ്റ്റീൽ വിസിറ്റേഴ്സ് ചെയർ (കുഷ്യൻ)	7
19	ജൂനിയർ ഓഫീസേഴ്സ് ടേബിൾ (ആഞ്ഞിലി മരം)	2
20	ജഫേഴ്സൻ ചെയർ	10

ഓഡിറ്റ് നടത്തിയ സ്ഥലപരിശോധനയിൽ 9,02,578/- രൂപ ചെലവഴിച്ച് വാങ്ങിക്കൂട്ടിയ ഉപകരണങ്ങളെല്ലാം നാശത്തിന്റെ വക്കിലാണെന്ന് കണ്ടെത്തി. പല ഉപകരണങ്ങളുടെയും വാറണ്ടി കാലാവധി കഴിയുകയും ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ, യു.പി.എസ്, പ്രിന്റർ, തയ്യൽമെഷീൻ എന്നിവ പൊടിപിടിച്ച നിലയിലും കാണപ്പെട്ടു. ആകെ 57,75,709/- രൂപ ചെലവഴിച്ച് ഉണ്ടാക്കിയ കെട്ടിടവും മറ്റ് ഉപകരണങ്ങളും നിഷ്ക്രിയ ആസ്തിയായി നിലനിൽക്കുന്നു.

സെക്രട്ടറി 01.08.2018 ന് നൽകിയ മറുപടിയിൽ അപാകതകൾ പരിഹരിച്ചിട്ടുണ്ടെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് ടീം 03.08.2018-ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ, ഗ്രാമീണ മാർക്കറ്റ് കെട്ടിടത്തിലുള്ള ഹാളിൽ കംപ്യൂട്ടറുകളും, തയ്യൽ മെഷീനുകളും സജ്ജീകരിച്ചിട്ടുണ്ടെങ്കിലും നിലവിൽ പരിശീലനപരിപാടികളൊന്നും നടക്കുന്നില്ലെന്ന് ബോധ്യപ്പെട്ടതായി കാസറഗോഡ് ജില്ലാ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി .ഡയറക്ടറുടെ 04.08.2018 ലെ കെ.എസ്.എ.കെ.എസ്.ഡി11/885/18 നം. കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 1.14, 1.14.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

9. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

10. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഗ്രാമീണ മാർക്കറ്റും തൊഴിൽ പരിശീലന കേന്ദ്രവും നിഷ്ക്രിയ ആസ്തിയായി തുടരുന്നു എന്ന പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

കാസർഗോഡ് മുൻസിപ്പാലിറ്റി

ഓഡിറ്റ് ഖണ്ഡിക

കാലാവധി കഴിഞ്ഞ കെട്ടിട നിർമ്മാണ പെർമിറ്റ് പുതുക്കുകയോ പൂർത്തീകരണ സാക്ഷ്യപത്രം നൽകുകയോ ചെയ്യിട്ടില്ല - വസ്തുനികുതി വരുമാനത്തിൽ വലിയ നഷ്ടം

[കാസർഗോഡ് മുനിസിപ്പാലിറ്റി 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-4]

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 22(1) പ്രകാരം ഓരോ ഉടമസ്ഥനും അയാൾക്ക് അനുവദിച്ചിട്ടുള്ള പെർമിറ്റ് പ്രകാരമുള്ള ഭൂവികസനമോ പുനർഭൂവികസനമോ അല്ലെങ്കിൽ കെട്ടിടത്തിന്റെ നിർമ്മാണമോ പുനർനിർമ്മാണമോ അല്ലെങ്കിൽ കൂട്ടിചേർക്കലോ മാറ്റം വരുത്തലോ പൂർത്തിയാക്കുമ്പോൾ ഒരു പൂർത്തീകരണ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്. ചട്ടം 22(3) പ്രകാരം പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കുകയും, നിർമ്മാണമോ, പുന്‌നിർമ്മാണമോ, കൂട്ടിച്ചേർക്കലോ, പണിയിൽ മാറ്റം വരുത്തലോ നൽകിയിട്ടുള്ളത് പെർമിറ്റ് പ്രകാരമാണ് എന്ന് ബോധ്യമാവുകയും ചെയ്താൽ 15 ദിവസത്തിനകം സെക്രട്ടറി കൈവശാവകാശസർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. എന്നാൽ 2013-14 ൽ കെട്ടിട പുനർനിർമാണം, കൂട്ടിച്ചേർക്കലുകൾ എന്നിവയ്ക്കു വേണ്ടി കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കപ്പെട്ട വ്യക്തികൾ മൂന്ന് വർഷത്തെ പെർമിറ്റ് കാലാവധി അവസാനിച്ചിട്ടും പെർമിറ്റ് പുതുക്കുകയോ, പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകി ഒക്യുപൻസി സർട്ടിഫിക്കറ്റ് നേടുകയോ ചെയ്യിട്ടില്ലാത്തതിനാൽ നഗരസഭയ്ക്ക് ലഭിക്കേണ്ട വസ്തുനികുതി വരുമാനത്തിൽ വൻ നഷ്ടം സംഭവിക്കുന്നുണ്ട്.

നഗരസഭയിൽ നിന്നും 2013-14 ൽ ബിൽഡിംഗ് പെർമിറ്റ് എടുത്തശേഷം പെർമിറ്റ് കാലാവധി പൂർത്തിയായിട്ടും ചട്ടപ്രകാരം ആയത് ദീർഘിപ്പിക്കുന്നതിന് അപേക്ഷിക്കുകയോ പൂർത്തീകരണ സാക്ഷ്യപത്രം നൽകുകയോ ചെയ്യാത്തവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	പെർമിറ്റ് രജിസ്റ്ററിലെ	അപേക്ഷകന്റെ പേര്	പെർമിറ്റ് കാലാവധി	ഗണം/തരം

	ക്രമ നമ്പർ			
1	6/13-14	കെ.രാജഷെട്ടി	09/04/13 മുതൽ 08/04/16 വരെ	വാസഗൃഹം
2	8/13-14	ജുവൈരിയ.സി.എ	08/04/13 മുതൽ 07/04/16 വരെ	വാസഗൃഹം
3	33/13-14	ആമിന	25/05/13 മുതൽ 24/05/16 വരെ	വാസഗൃഹം
4	35/13-14	സാറാബി	25/05/13 മുതൽ 24/05/16 വരെ	വാസഗൃഹം
5	36/13-14	നബീസ	25/05/13 മുതൽ 24/05/16 വരെ	വാസഗൃഹം
6	37/13-14	പി.കെ.സുഹറ	25/05/13 മുതൽ 24/05/16 വരെ	വാസഗൃഹം
7	38/13-14	സമീറ.കെ.എസ്	25/05/13 മുതൽ 24/05/16 വരെ	വാസഗൃഹം
8	40/13-14	റാബിയ	25/05/13 മുതൽ 24/05/16 വരെ	വാസഗൃഹം
9	41/13-14	റുഖിയ	25/05/13 മുതൽ 24/05/16 വരെ	വാസഗൃഹം
10	42/13-14	ഇബ്രാഹിം	25/05/13 മുതൽ 24/05/16 വരെ	വാസഗൃഹം
11	44/13-14	ഹാജിറ.എം	25/05/13 മുതൽ 24/05/16 വരെ	വാസഗൃഹം
12	46/13-14	റാബിയ	25/05/13 മുതൽ 24/05/16 വരെ	വാസഗൃഹം
13	54/13-14	രാജീവി	09/05/13 മുതൽ 08/05/16 വരെ	വാസഗൃഹം
14	106/13-14	തിമ്മപ്പ ഷെട്ടി	20/07/13 മുതൽ 19/07/16 വരെ	വാസഗൃഹം
15	114/13-14	1) എൻ.എ.മണി 2) സി.കെ.ഷീല	01/08/13 മുതൽ 31/07/16 വരെ	വാസഗൃഹം കൂട്ടിച്ചേർക്കൽ
16	123/13-14	ഷെയ്ക്ക് കാസിം സാഹിബ്	26/11/13 മുതൽ 25/11/16 വരെ	വാസഗൃഹം
17	126/13-14	ഫാത്തിമത്ത് നസീറ	24/09/13 മുതൽ 23/09/16 വരെ	വാസഗൃഹം
18	127/13-14	പി.വിനയ രാജ്	21/08/13 മുതൽ 20/08/16 വരെ	വാസഗൃഹം
19	140/13-14	ടി.ഡി. ലളിതാംബിക	03/09/13 മുതൽ 02/09/16 വരെ	വാസഗൃഹം
20	148/13-14	വനജ	22/10/16 മുതൽ 21/10/16 വരെ	വാസഗൃഹം
21	149/13-14	നൗഷാദ്.എൻ.എ	24/09/13 മുതൽ 23/09/16 വരെ	വാസഗൃഹം
22	163/13-14	സ്കറിയ.വി.ജെ	07/10/13 മുതൽ 06/10/16 വരെ	വാസഗൃഹം
23	165/13-14	മുഹമ്മദ് ഹരീസ്.കെ.എ	16/11/13 മുതൽ 15/11/16 വരെ	വാസഗൃഹം
24	167/13-14	അബ്ദുൾ റഹിമാൻ.പി.എ.	08/10/13 മുതൽ 07/10/16 വരെ	വാസഗൃഹം കൂട്ടിച്ചേർക്കൽ

25	175/13-14	സ്റ്റാൻലി ഡിസിൽവ	10/10/13 മുതൽ 09/10/16 വരെ	വാസഗൃഹം
26	186/13-14	ടി.എം.ഷമീമ	11/11/13 മുതൽ 10/11/16 വരെ	വാസഗൃഹം
27	188/13-14	കെ.സോമനാഥ	19/11/13 മുതൽ 18/11/16 വരെ	വാണിജ്യം
28	192/13-14	നാരായണൻ	17/12/13 മുതൽ 16/12/16 വരെ	വാസഗൃഹം
29	196/13-14	എ.ഐ. നൂർജഹാൻ	04/12/13 മുതൽ 03/12/16 വരെ	വാസഗൃഹം
30	205/13-14	ആന്റണി. എ.ജെ	17/12/13 മുതൽ 16/12/16 വരെ	വാസഗൃഹം കൂട്ടിച്ചേർക്കൽ
31	206/13-14	കെ.വാസുദേവ	15/03/14 മുതൽ 14/03/17 വരെ	വാസഗൃഹം കൂട്ടിച്ചേർക്കൽ
32	211/13/14	വി.എം.അബ്ദുൾ റഹിമാൻ	18/12/13 മുതൽ 17/12/16 വരെ	വാസഗൃഹം
33	214/13-14	1) മുഹമ്മദ് ഹനീഫ് 2) നസീമ മുഹമ്മദ് ഹനീഫ്	09/01/14 മുതൽ 08/01/17 വരെ	വാസഗൃഹം
34	215/13-14	ജാനകി	11/12/13 മുതൽ 10/12/16 വരെ	വാസഗൃഹം
35	224/13-14	അശോകൻ	08/01/14 മുതൽ 07/01/17 വരെ	വാസഗൃഹം
36	229/13-14	ഷംസുദ്ദീൻ.എ	19/12/13 മുതൽ 18/12/16 വരെ	വാസഗൃഹം
37	230/13-14	എം.പി.ബഷീർ	21/12/13 മുതൽ 20/12/16 വരെ	വാസഗൃഹം
38	236/13-14	അബ്ദുൾ മാലിക്.ബി	01/01/14 മുതൽ 31/12/16 വരെ	വാസഗൃഹം
39	238/13-14	ഇസ്മയിൽ അബ്ബാസ്	08/01/14 മുതൽ 07/01/17 വരെ	വാസഗൃഹം
40	263/13-14	ലക്ഷ്മി നാരായണ നായക്	28/01/14 മുതൽ 27/01/17 വരെ	വാസഗൃഹം
41	264/13-14	ശാരദ	15/02/14 മുതൽ 14/02/17 വരെ	വാസഗൃഹം കൂട്ടിച്ചേർക്കൽ
42	266/13-14	എ.സൗമ്യലത	31/01/14 മുതൽ 31/01/17 വരെ	വാസഗൃഹം
43	292/13-14	സൈനുദ്ദീൻ. സി.എ	13/03/14 മുതൽ 12/03/17 വരെ	വാസഗൃഹം കൂട്ടിച്ചേർക്കൽ

44	297/13-14	അബ്ദുൾ ഹമീദ്.ടി.എ	21/03/14 മുതൽ 20/03/17 വരെ	വാസഗൃഹം
45	307/13-14	കൃഷ്ണ.കെ	28/03/14 മുതൽ 27/03/17 വരെ	വാസഗൃഹം
46	317/13-14	ജമീല	26/03/14 മുതൽ 25/03/17 വരെ	വാസഗൃഹം
47	320/13-14	സുബൈർ.വി.എം.	17/05/14 മുതൽ 16/05/17 വരെ	വാസഗൃഹം
48	321/13-14	റംല	07/04/14 മുതൽ 06/04/17 വരെ	വാസഗൃഹം

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 09.08.2017 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.31 ന് മുനിസിപ്പൽ എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിരുന്നില്ല. എല്ലാ വാർഡുകളിലും സ്ഥലപരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും എന്നാൽ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കാത്തതുമായ കെട്ടിടങ്ങൾ അനധികൃത കെട്ടിടങ്ങളായി കണക്കാക്കി, വസ്തുനികുതി നിർണയിച്ച് ഈടാക്കേണ്ടതാണെന്ന് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേയ്ക്ക് ശിപാർശ ചെയ്യുന്ന വിവരം അറിയിച്ചു കൊണ്ടുള്ള കത്തിന് പെർമിറ്റ് ദീർഘിപ്പിക്കുന്നതിന് സമയബന്ധിതമായി അപേക്ഷ നൽകാത്ത കെട്ടിട ഉടമയിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയാണ് പെർമിറ്റ് ദീർഘിപ്പിച്ച് നൽകുന്നതെന്നും കെട്ടിടത്തിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റിന്റെ പൂർത്തീകരണ തീയതി മുതൽ മുൻകാല പ്രാബല്യത്തിൽ വരത്തക്കവിധത്തിലാണ് നികുതി ഈടാക്കുന്നതെന്നും നികുതി ഇനത്തിൽ നഗരസഭയ്ക്ക് നഷ്ടം വരുന്നില്ലെന്നുമുള്ള മറുപടിയാണ് നഗരസഭ ലഭ്യമാക്കിയിട്ടുള്ളത്. സെക്രട്ടറി നൽകിയ മറുപടി അംഗീകരിക്കാവുന്നതല്ല എന്ന് കാസർഗോഡ് നഗരസഭ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 02.08.2018-ലെ കെ.എസ്.എ.കെ.എസ്.എം.2/338/2018 നമ്പർ കത്തിലൂടെ അറിയിച്ചിട്ടുണ്ട്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 1.14, 1.14.1.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

11. 48 കെട്ടിടങ്ങളുടെ നിർമ്മാണ പെർമിറ്റ് പുതുക്കുകയോ പൂർത്തീകരണ സാക്ഷ്യപത്രം നൽകുകയോ ചെയ്തിട്ടില്ലെന്നതാണ് ഓഡിറ്റ് പരാമർശമെന്നും ഇക്കാര്യത്തിൽ നഗരസഭയുടെ പരിശോധന നടന്നു കൊണ്ടിരിക്കുകയാണെന്നും അതിൽ 16 കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്നും വസ്തു നികുതി ഈടാക്കിയെന്നും പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും നിലവിൽ 6 കെട്ടിടങ്ങൾ പൂർത്തീകരിച്ചിട്ടില്ലെന്നും കാസർഗോഡ് മുനിസിപ്പാലിറ്റി സെക്രട്ടറി വിശദീകരിച്ചു. പുതിയതായി നിർമ്മാണം പൂർത്തീകരിച്ച ഒരു കെട്ടിടത്തിന്റെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കുകയും വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും ബാക്കിയുള്ള 25 കെട്ടിടങ്ങളുടെ പരിശോധന നടന്നു കൊണ്ടിരിക്കുകയാണെന്നും ഒക്ടോബർ മാസം വരെ സമയം അനുവദിക്കുകയാണെങ്കിൽ പൂർണ്ണമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാമെന്നും കാസർഗോഡ് മുനിസിപ്പാലിറ്റി സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചു. ഇക്കാര്യത്തിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങളും ശിപാർശകളും

12. ഓഡിറ്റ് പരാമർശത്തിലെ 48 കെട്ടിടങ്ങളിൽ 16 കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി വസ്തുനികുതി ഈടാക്കുന്നുണ്ടെന്നും, ബാക്കിയുള്ള 32 കെട്ടിടങ്ങളുടെ നിർമ്മാണ പെർമിറ്റ് പുതുക്കുകയോ പൂർത്തീകരണ സാക്ഷ്യപത്രം നൽകുകയോ ചെയ്തിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. 32 കെട്ടിടങ്ങളുടെ നിർമ്മാണത്തെക്കുറിച്ചും തുടർ നടപടികളെയും കുറിച്ചുള്ള പരിശോധന നടന്നുവരുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കെട്ടിടങ്ങളുടെ നിർമ്മാണ പെർമിറ്റ് പുതുക്കുകയോ പൂർത്തീകരണ സാക്ഷ്യപത്രം നൽകുകയോ ചെയ്തിട്ടില്ലാത്ത 32 കെട്ടിടങ്ങളുടെ പരിശോധന നടത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

ആസൂത്രണത്തിലെ പോരായ്മയും മേൽനോട്ടത്തിലുള്ള വീഴ്ചയുംമൂലം പാഴായ പദ്ധതികൾ

[കാസർഗോഡ് മുനിസിപ്പാലിറ്റി 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2]

2009-10 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ കാസർഗോഡ് നഗരസഭ ലക്ഷങ്ങൾ ചെലവഴിച്ച് നടപ്പാക്കിയ പല പദ്ധതികളും കൃത്യമായ ആസൂത്രണത്തിന്റെയും സമയബന്ധിതമായ മേൽനോട്ടത്തിന്റെയും അഭാവത്തിൽ പാതി വഴിയിൽ ഉപേക്ഷിച്ച നിലയിലാണ്. പദ്ധതി വിഹിതത്തിൽ നിന്ന് പണം ചെലവഴിച്ചിട്ടുണ്ടെങ്കിലും പല പദ്ധതികളുടെയും ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

i) ചെന്നിക്കര എൽ.പി.ജി ഗ്യാസ് ശ്മശാനം - ഗ്യാസ് ചേമ്പർ സ്ഥാപിച്ച് അഞ്ച് വർഷം കഴിഞ്ഞു -പ്രവർത്തനം തുടങ്ങിയിട്ടില്ല.

ചെന്നിക്കരയിൽ നഗരസഭയ്ക്ക് സ്വന്തമായുള്ള സ്ഥലത്ത് എൽ.പി.ജി ഇന്ധനമായുള്ള ശ്മശാനം നിർമ്മിക്കാനായി പദ്ധതി തയ്യാറാക്കുകയും 2011-12 വർഷത്തിൽ പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. ശ്മശാനം നിർമ്മിക്കുന്നതിനായി 2011-12 മുതൽ 2015-16 വരെ വർഷങ്ങളിലായി നഗരസഭ 68.57 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

വർഷം	ഇനം	തുക (ലക്ഷം രൂപയിൽ)
2011-12	കെട്ടിടനിർമാണം	16.07
2012-13	കെട്ടിടനിർമാണം	17.92
2012-13	ഗ്യാസ് ചേമ്പർ ചിമ്മിനി	16.00
2013-14	അനുബന്ധ പ്രവൃത്തികൾ	5.68

2014-15	അനുബന്ധ പ്രവൃത്തികൾ	3.07
2015-16	അനുബന്ധ പ്രവൃത്തികൾ	9.83
	ആകെ	**68.57 ലക്ഷം**

കെട്ടിടനിർമാണം, ഗ്യാസ് ചേമ്പർ ചിമ്മിനി മറ്റ് അനുബന്ധ പ്രവൃത്തികൾ എന്നിവ 2015-16 ൽ തന്നെ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും എൽ.പി.ജി ശ്മശാനം പ്രവർത്തനയോഗ്യമാക്കാൻ നഗരസഭയ്ക്ക് നാളിതു വരെ സാധിച്ചിട്ടില്ല. 16 ലക്ഷം രൂപ ചെലവഴിച്ച് 2012-13 ൽ സ്ഥാപിച്ച ഗ്യാസ് ചേമ്പറും ചിമ്മിനിയും തുരുമ്പെടുത്ത് നശിക്കുകയാണ്. ശ്മശാനം സ്ഥാപിക്കലും സംരക്ഷണവും നഗരസഭയുടെ അനിവാര്യ ചുമതല ആയിരുന്നിട്ടു കൂടി ജനോപകാരപ്രദമായ ഈ ഉദ്യമം ലക്ഷ്യപ്രാപ്തി നേടാതെ പോയത് നഗരസഭ കൗൺസിലിന്റെയും ജീവനക്കാരുടെയും ഭാഗത്ത് നിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേയ്ക്ക് ശിപാർശ ചെയ്യുന്ന വിവരം അറിയിച്ചു കൊണ്ട് നൽകിയ കത്തിന് ചെന്നിക്കര ശ്മശാനത്തിന്റെ അവസാനഘട്ട പ്രവൃത്തിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയതായും ഉടൻ തന്നെ ശ്മശാനം പ്രവർത്തനയോഗ്യമാക്കുന്നതാണ് എന്നുള്ള മറുപടിയാണ് നഗരസഭ ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ യാതൊരു തുടർപ്രവർത്തനവും നാളിതുവരെ നടത്താത്തതിനാൽ സെക്രട്ടറി നൽകിയ മറുപടി അംഗീകരിക്കാവുന്നതല്ല എന്ന് കാസർഗോഡ് നഗരസഭ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 02.08.2018-ലെ കെ.എസ്.എ.കെ.എസ്.എം. 2/338/2018 നമ്പർ കത്തിലൂടെ അറിയിച്ചിട്ടുണ്ട്.

II) ആശ്രയ ഭവന നിർമാണം – പാതി വഴിയിൽ ഉപേക്ഷിച്ചു

ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട 15 അഗതി കുടുംബങ്ങൾക്ക് കൊറക്കോട് എന്ന സ്ഥലത്ത് ഭൂമി വാങ്ങി നൽകുന്നതിനും പാർപ്പിടം പണിയുന്നതിനുമായി പദ്ധതി വിഹിതം തുകയിൽ നിന്ന് 2015-16 വരെ ആകെ 45 ലക്ഷം രൂപ ചെലവഴിച്ചിട്ടും ഭവന നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ച നിലയിലാണ്.

കൂടാതെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട 20 കുടുംബങ്ങൾക്ക് പാർപ്പിടം നിർമ്മിക്കുന്നതിനായി നഗരസഭ ചേരങ്കൈ എന്ന സ്ഥലത്ത് 2009-10 വർഷം 10,00,000/- രൂപ ചെലവിൽ ഭൂമി വാങ്ങി നൽകിയിരുന്നു. വാങ്ങിയ ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട വെള്ളക്കെട്ടുള്ള കൃഷി സ്ഥലമായതിനാൽ വീട് നിർമ്മാണം അസാധ്യമായ അവസ്ഥയിലാണ്.

എല്ലാ വീടുകളും നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുള്ളതാണെന്ന് നഗരസഭ മറുപടി നൽകിയെങ്കിലും ഭവന നിർമ്മാണ പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിയിട്ടില്ലെന്ന് കാസർഗോഡ് നഗരസഭ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 02.08.2018 ലെ കെ.എസ്.എ.കെ.എസ്.എം2/338/2018 നം കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

III) ഇ.എം.എസ് ഭവന നിർമ്മാണം – പാതി വഴിയിൽ ഉപേക്ഷിച്ച നിലയിൽ

2010-11 വർഷം കാസർഗോഡ് നഗരസഭയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭവന രഹിതർക്ക്

വീട് നൽകുക എന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കിയ ഇ.എം.എസ് ഭവനനിർമാണ പ്രവൃത്തി പാതി വഴിയിൽ ഉപേക്ഷിച്ച നിലയിലാണ്. പദ്ധതി വിഹിതം തുക ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതിയിൽ തെരെഞ്ഞെടുത്ത 132 ഗുണഭോക്താക്കൾക്ക് പദ്ധതി വിഹിതം ഉപയോഗിച്ച് ഭവന നിർമാണത്തിന് സാമ്പത്തിക സഹായം നൽകിയിരുന്നുവെങ്കിലും 104 പേർ മാത്രമാണ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. നാളിതുവരെയും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത 28 കുടുംബങ്ങൾക്ക് 2015-16 വർഷം വരെ നൽകിയ പദ്ധതി വിഹിതം തുകയായ 15,52,500/- രൂപ പാഴായിട്ടുണ്ട്.

ഇ.എം.എസ് ഭവന പദ്ധതി പൂർത്തിയാക്കുന്നതിന് 'ലൈഫ് പദ്ധതി' യിൽ വീട് പൂർത്തീകരണം എന്ന രീതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന നഗരസഭാ സെക്രട്ടറിയുടെ മറുപടി തൃപ്തികരമല്ലെന്ന് കാസർഗോഡ് നഗരസഭ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 02.08.2018 ലെ കെ.എസ്.എ.കെ.എസ്.എം2/338/2018 നം. കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 1.14, 1.14.1.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

13. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ചെന്നിക്കര എൽ.പി.ജി. ഗ്യാസ് ശ്മശാനവുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

14. ആശ്രയ ഭവന പദ്ധതിയിൽ ഉൾപ്പെട്ട 15 അഗതി കുടുംബങ്ങൾക്ക് കൊറക്കോട് എന്ന സ്ഥലത്ത് ഭൂമി വാങ്ങുന്നതിനും പാർപ്പിടം പണിയുന്നതിനുംവേണ്ടി പദ്ധതി തയ്യാറാക്കി അംഗീകാരം നേടി ഭവനനിർമ്മാണം എല്ലാ ഗുണഭോക്താക്കളും പൂർത്തീകരിച്ചിട്ടുണ്ടെന്ന് കാസർഗോഡ് മുനിസിപ്പാലിറ്റി സെക്രട്ടറി വ്യക്തമാക്കി.

15. ചേരങ്കൈ എന്ന സ്ഥലത്ത് സെന്റിന് 12,500/-രൂപ നിരക്കിൽ 4 സെന്റ് ഭൂമിയാണ് വാങ്ങിയതെന്നും ഒരു ഉപഭോക്താവിന് പരമാവധി 50,000/-രൂപയാണ് അനുവദിക്കാൻ സാധിക്കുന്നതെന്നും പ്രസ്തുത സ്ഥലത്തിന് ചുറ്റുപാടും ഭവന നിർമ്മാണം നടത്തിയിട്ടുള്ളതിനാലും കാലങ്ങളായി കൃഷി യോഗ്യമല്ലാത്ത സ്ഥലമായതിനാലുമാണ് ഈ ഭൂമി വാങ്ങിയതെന്നും പ്രസ്തുത സ്ഥലത്തിന് LLMC (Local Level Monitoring Committee) ചേർന്ന് മണ്ണിട്ട് നികത്തി വീട് നിർമ്മിക്കാൻ പെർമിറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും കാസർഗോഡ് മുനിസിപ്പാലിറ്റി സെക്രട്ടറി വിശദീകരിച്ചു. പ്രസ്തുത സ്ഥലം ഡാറ്റാ ബാങ്കിൽനിന്നും ഒഴിവാക്കിയാലും വെള്ളക്കെട്ടുള്ള സ്ഥലത്ത് ഭവന നിർമ്മാണം ദുഷ്കരമാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

16. ഡാറ്റാ ബാങ്കിൽ നിന്നും സ്ഥലം ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് എൽ.എൽ.എം.സി. ചേർന്ന് വസ്തു പരിശോധിച്ച് ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്ന് കാസർഗോഡ് മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി. ഭവന നിർമ്മാണത്തിന് വെള്ളക്കെട്ടുള്ള സ്ഥലം കണ്ടെത്തിയത് അതിന്റെ ഗുണഭോക്താക്കളോട് ചെയ്യുന്ന ദ്രോഹമാണെന്നും ഇക്കാര്യം ഗൗരവമായി

എടുക്കണമെന്നും ഭവന നിർമ്മാണത്തിന് അനുയോജ്യമായ വേറെ സ്ഥലം കണ്ടെത്തണമെന്നും ഭവന നിർമ്മാണത്തിന് അനുവദിച്ച തുക പര്യാപ്തമല്ലെന്നും പ്രസ്തുത സ്ഥലം മറ്റ് വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണെന്നും സമിതി അഭിപ്രായപ്പെട്ടു. 20 കുടുംബങ്ങളുടെ പേരിലാണോ ഭൂമിവാങ്ങിയതെന്ന് സമിതി ആരാഞ്ഞതിന് ഭൂമി വാങ്ങിയതിനു ശേഷം ഗുണഭോക്താക്കൾക്ക് വിതരണം നടത്തുകയാണ് ചെയ്യുന്നതെന്ന് കാസർഗോഡ് മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി.

17. കാസർഗോഡ് ജില്ലയിൽ ഭവന നിർമ്മാണത്തിന് അനുയോജ്യമായ കര ഭൂമി കിട്ടുന്ന സ്ഥലമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. സെന്റ് ഒന്നിന് 12,500/-രൂപയ്ക്ക് വാങ്ങാൻ സാധിക്കുന്ന വില കുറഞ്ഞ ഭൂമി എന്ന നിലയിലാണ് പ്രസ്തുത സ്ഥലം വാങ്ങിയിരിക്കുന്നതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ ധരിപ്പിച്ചു. കാസർഗോഡ് ജില്ലയിൽ ഭൂമിയുടെ വിലയെ സംബന്ധിച്ച് 12,500/-രൂപയെന്നത് ഉയർന്ന വിലയാണെന്നും ജില്ലയിൽ ഈ തുകയ്ക്ക് ഭവന നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിൽ പ്രയാസമില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. ആശ്രയ ഭവന നിർമ്മാണം പദ്ധതി പ്രകാരം വസ്തു ലഭിച്ചതിനാൽ ലൈഫ് പദ്ധതിയിൽ 20 കുടുംബങ്ങളെ പരിഗണിച്ചിട്ടില്ലായിരിക്കുമെന്ന് സമിതി നിരീക്ഷിച്ചു.

18. പ്രസ്തുത വസ്തു വാങ്ങിയതിൽ നിർവഹണ ഉദ്യോഗസ്ഥന് വീഴ്ച സംഭവിച്ചോയെന്ന് പരിശോധിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. സർക്കാർ ഇതിന്റെ സാധ്യതാ ഫീസിബിലിറ്റി പരിശോധിച്ച് റിപ്പോർട്ട് നൽകാമെന്നും ഇക്കാര്യത്തിൽ നഗരസഭയ്ക്ക് എന്തെങ്കിലും അഭിപ്രായമുണ്ടെങ്കിൽ വ്യക്തമാക്കാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ചു. ഗുണഭോക്താക്കൾക്ക് വേറെ സ്ഥലം നൽകുന്ന കാര്യം ചർച്ച ചെയ്ത് റിപ്പോർട്ട് സമർപ്പിക്കാമെന്ന് കാസർഗോഡ് മുനിസിപ്പാലിറ്റി സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചു. വീട് നിർമ്മിക്കാൻ അനുവദിച്ച തുകയുടെ പരിധിയിൽ വരുന്ന സ്ഥലം അന്വേഷിച്ചതുകൊണ്ടായിരിക്കാം ചതുപ്പുനിലം വാങ്ങിയതെന്നും ഭവന നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തണമായിരുന്നുവെന്നും സമിതി അഭിപ്രായപ്പെട്ടു. വകുപ്പുതലത്തിൽ ഇക്കാര്യം പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. നിലവിൽ 20 കുടുംബങ്ങൾ താമസിക്കുന്നത് എവിടെയാണെന്ന് സമിതി ആരാഞ്ഞതിന് ആയത് പരിശോധിച്ചിട്ടില്ലെന്ന് കാസർഗോഡ് മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി .ഇക്കാര്യത്തിൽ വേണ്ട പരിശോധന നടത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു .

19. ഓഡിറ്റ് പരാമർശത്തിൽ 132 ഗുണഭോക്താക്കളിൽ 104 പേർ മാത്രമാണ് ഭവന നിർമ്മാണം പൂർത്തീകരിച്ചതെന്നും നിലവിലെ സ്ഥിതിയനുസരിച്ച് ബാക്കിയുള്ള 28 പേരിൽ 19 പേർ കൂടി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും അവശേഷിക്കുന്ന 9 പേരുടെ ഭവന നിർമ്മാണ പുരോഗതി പരിശോധിക്കാൻ സമയം അനുവദിക്കണമെന്നും കാസർഗോഡ് മുനിസിപ്പാലിറ്റി സെക്രട്ടറി അഭ്യർത്ഥിച്ചു. ഇതുസംബന്ധിച്ച റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു .

നിഗമനങ്ങളും ശിപാർശകളും

20. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ചെന്നിക്കര എൽ.പി.ജി. ഗ്യാസ് ശ്മശാനവുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

21. കാസർഗോഡ് മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട ആശ്രയ ഭവന പദ്ധതിയുടെ നടപ്പാക്കലിൽ വെള്ളക്കെട്ടുള്ള ഭൂമി വാങ്ങിയതിനെ സമിതി വിമർശിക്കുകയും വസ്തു വാങ്ങിയതിൽ നിർവഹണ ഉദ്യോഗസ്ഥന് വീഴ്ച സംഭവിച്ചോയെന്ന് പരിശോധിക്കേണ്ടതുണ്ടെന്നും അഭിപ്രായപ്പെട്ടു. സർക്കാർ ഈ പദ്ധതിയുടെ ഫീസിബിലിറ്റി പരിശോധിച്ച് റിപ്പോർട്ട് നൽകാനും നിലവിൽ 20 കുടുംബങ്ങൾ താമസിക്കുന്നത് എവിടെയാണെന്ന് പരിശോധന നടത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

22. ഇ.എം.എസ്.ഭവന നിർമ്മാണം - പാതി വഴിയിൽ ഉപേക്ഷിച്ച നിലയിൽ എന്ന ഓഡിറ്റ് പരാമർശത്തിൽ അവശേഷിക്കുന്ന 9 പേരുടെ ഭവന നിർമ്മാണ പുരോഗതി പരിശോധിച്ച് റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

അൻവർ സാദത്ത്,

ചെയർപേഴ്സൺ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,

2026, ഒക്ടോബർ 28

അനുബന്ധം 1
പ്രധാന നിഗമനങ്ങൾ / ശിപാർശകൾ

ക്രമ നം.	ഖണ്ഡിക നം.	ബന്ധപ്പെട്ട വകുപ്പ്/ സ്ഥാപനം	നിഗമനങ്ങൾ/ ശിപാർശകൾ
1.	2	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ തിരുവല്ല കെ. എസ്. ആർ. ടി. സി. ബസ് ടെർമിനലുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
2.	5	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ മൊബൈൽ ടവറുകളിൽ നിന്നും നികുതി ഈടാക്കുന്നില്ല - ലക്ഷങ്ങളുടെ നികുതി നഷ്ടം എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
3.	8	തദ്ദേശസ്വയംഭരണ വകുപ്പ്	തിരുവല്ല നഗരസഭയ്ക്ക് 31/12/2022 ലെ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും 11,08,91,381 രൂപ ലഭിക്കാനുണ്ടെന്നും, നഗരകാര്യ ഡയറക്ടറുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ജനറൽ പർപ്പസ് ഗ്രാന്റിൽ ആവശ്യമായ നീക്കിയിരിപ്പ് ഇല്ലാത്തതിനാൽ പെൻഷനും, പെൻഷൻ ആനുകൂല്യങ്ങളും നൽകുന്നതിന് തനതുഫണ്ടിൽ നിന്നും ചെലവഴിച്ചു വരികയാണെന്നും സമിതി മനസ്സിലാക്കുന്നു. സ്പെഷ്യൽ പെൻഷൻ ഫണ്ടിന്റെ ലഭ്യത കുറവ് കാരണം വിരമിച്ച ജീവനക്കാരുടെ പെൻഷൻ വിതരണം മുടങ്ങുന്ന അവസ്ഥ സംജാതമാകുമെന്ന് വിലയിരുത്തിയ സമിതി, നഗരസഭയ്ക്ക് അർഹമായ തുക ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
4.	10	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഗ്രാമീണ മാർക്കറ്റും തൊഴിൽ പരിശീലന കേന്ദ്രവും നിഷ്ക്രിയ ആസ്തിയായി തുടരുന്നു എന്ന പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
5.	12	തദ്ദേശസ്വയംഭരണ വകുപ്പ്	ഓഡിറ്റ് പരാമർശത്തിലെ 48 കെട്ടിടങ്ങളിൽ 16 കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി വസ്തുനികുതി ഈടാക്കുന്നുണ്ടെന്നും, ബാക്കിയുള്ള 32 കെട്ടിടങ്ങളുടെ നിർമ്മാണ പെർമിറ്റ് പുതുക്കുകയോ പൂർത്തീകരണ

			സാക്ഷ്യപത്രം നൽകുകയോ ചെയ്തിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. 32 കെട്ടിടങ്ങളുടെ നിർമ്മാണത്തെകുറിച്ചും തുടർ നടപടികളെയും കുറിച്ചുള്ള പരിശോധന നടന്നുവരുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കെട്ടിടങ്ങളുടെ നിർമ്മാണ പെർമിറ്റ് പുതുക്കുകയോ പൂർത്തീകരണ സാക്ഷ്യപത്രം നൽകുകയോ ചെയ്തിട്ടില്ലാത്ത 32 കെട്ടിടങ്ങളുടെ പരിശോധന നടത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.
6.	20	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ചെന്നിക്കര എൽ.പി.ജി. ഗ്യാസ് ശ്മശാനവുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
7.	21	തദ്ദേശസ്വയംഭരണ വകുപ്പ്	കാസർഗോഡ് മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട ആശ്രയ ഭവന പദ്ധതിയുടെ നടപ്പാക്കലിൽ വെള്ളക്കെട്ടുള്ള ഭൂമി വാങ്ങിയതിനെ സമിതി വിമർശിക്കുകയും വസ്തു വാങ്ങിയതിൽ നിർവഹണ ഉദ്യോഗസ്ഥന് വീഴ്ച്ച സംഭവിച്ചോയെന്ന് പരിശോധിക്കേണ്ടതുണ്ടെന്നും അഭിപ്രായപ്പെട്ടു. സർക്കാർ ഈ പദ്ധതിയുടെ ഫീസിബിലിറ്റി പരിശോധിച്ച് റിപ്പോർട്ട് നൽകാനും നിലവിൽ 20 കുടുംബങ്ങൾ താമസിക്കുന്നത് എവിടെയാണെന്ന് പരിശോധന നടത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.
8.	22	തദ്ദേശസ്വയംഭരണ വകുപ്പ്	ഇ.എം.എസ്.ഭവന നിർമ്മാണം - പാതി വഴിയിൽ ഉപേക്ഷിച്ച നിലയിൽ എന്ന ഓഡിറ്റ് പരാമർശത്തിൽ അവശേഷിക്കുന്ന 9 പേരുടെ ഭവന നിർമ്മാണ പുരോഗതി പരിശോധിച്ച് റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡികകളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

	അദ്ധ്യായം 1.3 – പത്തനംതിട്ട ജില്ല – തിരുവല്ല മുനിസിപ്പാലിറ്റി	
1.3.1	**തിരുല്ല KRTC ബസ് ടെർമിനൽ – വസ്തു നികുതി പിഴ ഉൾപ്പടെ ലഭിക്കാനുള്ളത് 2.62 കോടി രൂപ** 2015-16, 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലെ വസ്തുനികുതി ഇനത്തിൽ തിരുവല്ല നഗരത്തിന്റെ ഹൃദയ ഭാഗത്ത് പ്രവർത്തിച്ച വരുന്ന കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന് 2,62,11,888/- രൂപ കുടിശ്ശികയുണ്ട്. നഗരസഭയുടെ ഒക്യുപെൻസിയോ, കെട്ടിട നമ്പരോ ഇല്ലാതെ 06.06.2015 മുതൽ ഇത് പ്രവർത്തിച്ച വരുന്നു. ബസ് ടെർമിനൽ പ്രവർത്തനം ആരംഭിച്ച് 2 വർഷം കഴിഞ്ഞിട്ടും ഫൈനൽ ഫയർ NOC ഹാജരാക്കുന്നതിനോ, കംപ്ലീഷൻ പ്ലാനോ, കംപ്ലീഷൻ സർട്ടിഫിക്കറ്റോ സമർപ്പിക്കുന്നതിനോ കെ.റ്റി.ഡി.എഫ്.സിയ്ക്ക് കഴിഞ്ഞിട്ടില്ല. ഡിമാന്റ് ചെയ്ത പ്രകാരം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിന്റെ 2015-16 മുതൽ 2017-18 വരെയുള്ള വസ്തുനികുതി ഈടാക്കിയിരുന്നെങ്കിൽ നഗരസഭയ്ക്ക് 2.62 കോടി (8737296 X 3) രൂപ ലഭിക്കുമായിരുന്നു. വസ്തുനികുതി അടിയന്തിരമായി ഈടാക്കുന്നതിനുള്ള നിയമ നടപടികൾ അധികൃതർ സ്വീകരിക്കേണ്ടതാണ്.	നഗരസഭയിലെ KSRTC ബസ് ടെർമിനൽ കം ഷോപ്പിംഗ് ക്ലോംപ്ലക്സിന് 35/445(1) മുതൽ 35/445(12) വരെ UA നമ്പർ നൽകി 2015-16 ഒന്നാം അർദ്ധവർഷം മുതൽ നികുതി നിർണ്ണയം നടത്തിയിട്ടുള്ളതാണ്. 2015-16 ഒന്നാം അർദ്ധവർഷം മുതൽ 2018-19 ഒന്നാം അർദ്ധവർഷം വരെയുള്ള നികുതി 3,70,93,227/- രൂപ നഗരസഭയിൽ ലഭ്യമായിട്ടുള്ളതും അക്കൗണ്ടിൽ ക്രെഡിറ്റായിട്ടുള്ളതുമാണ്. ടി കെട്ടിടസമുച്ചയം BP: 547/08-09 പ്രകാരം 2018-19 രണ്ടാം അർദ്ധവർഷം മുതൽ റെഗുലറൈസ് ചെയ്തിട്ടുള്ളതും, 35/445(1)മുതൽ 35/445(98) വരെ 99 നമ്പരുകൾ നൽകിയിട്ടുള്ളതുമാണ്. നിലവിൽ ഒഴിഞ്ഞ് കിടക്കുന്ന ഭാഗങ്ങൾക്ക് അപേക്ഷ നൽകിയ അർദ്ധവർഷങ്ങളിൽ സ്ഥലപരിശോധന നടത്തി കൃത്യമായി വേക്കൻസി കമ്മീഷൻ യഥാസമയം അനുവദിച്ച് വരുന്നതുമാണ്. ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ കെട്ടിടനികുതി യഥാസമയം തന്നെ ഒടുക്ക് വരുത്തി വരുന്നതുമാണ്. ടി വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
1.3.2	**മൊബൈൽ ടവറുകളിൽ നിന്നും നികുതി ഈടാക്കുന്നില്ല – ലക്ഷങ്ങളുടെ നികുതി നഷ്ടം**	ജിയോ കമ്പനിയുടെ 14/210-2, 36/271-1 എന്നീ ടവറുകളുടെ 2023-24 വർഷത്തെ നികുതി 15.03.2024 ൽ

	മെച്ചപ്പെടുത്തേണ്ടതുമാണ്.	ക്കപ്പെട്ടിട്ടുണ്ട്.
	6.വിദ്യാലയങ്ങളിൽ ആവശ്യത്തിന് കളിസ്ഥലം ഒരുക്കേണ്ടതാണ്.	എസ്. എസ്.എ ഫണ്ട് വിനിയോഗിച്ചും ജനകീയാസൂത്രണ പദ്ധതി പ്രകാരവും സ്കൂളുകളിൽ ടോയ്ലറ്റ് സൗകര്യം നിലവിൽ ഏർപ്പെടുത്തിയിട്ടുണ്ട്.
	7. സ്കൂളുകളിലെ ലൈബ്രറികളുടേയും ലാബുകളുടേയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.	നിലവിൽ ഭൂരിഭാഗം സ്കൂളുകളിലും കളിസ്ഥലം നിലവിലുണ്ട്.
	8. സ്കൂളുകളിലെ മാലിന്യ സംസ്കരണത്തിന് ശാസ്ത്രീയമായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.	സ്കൂളുകളിൽ ലൈബ്രറികളുടെയും ലാബുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.കമ്പ്യൂട്ടർ പരിശീലനത്തിന് സ്ഥിരം തസ്തിക ഇല്ലായെങ്കിലും നിലവിലുള്ള അധ്യാപകർക്ക് പരിശീലനം നലകി മെച്ചപ്പെട്ട പ്രവർത്തനം നടത്തിവരുന്നു.
	9. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ മേഖലയ്ക്ക് ആവശ്യമായ ഫണ്ട് വകയിരുത്തേണ്ടതും വകയിരുത്തുന്ന തുക പൂർണ്ണമായും പ്രയോജനപ്രദമായും ചെലവഴിയ്ക്കേണ്ടതുമാണ്.	
	10. വിദ്യാഭ്യാസ മേഖലയിലെ വിവിധ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്	നിലവിൽ സ്കൂളുകളിൽ ബയോഗ്യാസ് പ്ളാൻറ് വഴി പരിസരങ്ങൾ ശുചിയായി സൂക്ഷിക്കുന്നുണ്ട് .സ്കൂളുകളിലെ പ്ളാസ്റ്റിക്ക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേന മുഖാന്തിരം സ്വീകരിച്ചുവരുന്നു.
	11. എസ്.എസ്.എ പദ്ധതിയുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.	സർവ്വശിക്ഷാ അഭിയാൻ പദ്ധതിയുടെ നടത്തിപ്പിലേക്കായി ഗ്രാമപഞ്ചായത്തുകൾ നിശ്ചിത തുക എല്ലാ വർഷവും അടവാക്കുന്നുണ്ട്. കൂടാതെ മാറ്റിവെക്കുന്ന പദ്ധതിവിഹിതം ഉപയോഗിച്ച് സ്കൂൾ കെട്ടിടങ്ങളുടെ മെയിന്റനൻസ് പണികളും അടിസ്ഥാന സൗകര്യങ്ങളുടെ വികസനം എന്നിവ നടത്തിവരുന്നു.

	മൊബൈൽ ടവറുകളുടെ വസ്തുനികുതി ചതുരശ്ര മീറ്ററിന് 500 രൂപ നിരക്കിലും സേവന ഉപനികുതി അടിസ്ഥാന വസ്തുനികുതി നിരക്കിന്റെ 9% നിരക്കിലും നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പുതിയ നിരക്കിലുള്ള നികുതി നിർണ്ണയിച്ച് ഈടാക്കാത്തതിനാൽ ലക്ഷങ്ങളാണ് നഗരസഭക്ക് നികുതിയിനത്തിൽ നഷ്ടമായിക്കൊണ്ടിരിക്കുന്നത്. നഗരസഭാ പരിധിയിലുള്ള എല്ലാ മൊബൈൽ ടവറുകളുടെയും വസ്തുനികുതിനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.	അടവാക്കിയിട്ടുണ്ട്. ബാക്കിയുള്ള മൊബൈൽ ടവറുകളുടെ നികുതി RR നടപടി സ്വീകരിക്കുന്നതിനായി റവന്യൂ ഇൻസെക്ടർക്ക് റിപ്പോർട്ടിനായി സമർപ്പിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
1.3.3	**<u>സെൻട്രൽ പെൻഷൻ ഫണ്ട് - നഗരസഭയ്ക്ക് ലഭിക്കാനുള്ളത് 7.57 കോടി രൂപ</u>** റഗുലർ ജീവനക്കാരുടെ മൊത്തം ശമ്പളത്തിന്റെ 15% പെൻഷൻ കോൺട്രിബ്യൂഷനായി എല്ലാ മാസവും നഗരസഭ, സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കു വരുത്തുന്നുണ്ട്. എന്നാൽ വിരമിക്കുന്ന ജീവനക്കാർക്ക് വിതരണം ചെയ്യുന്നതിനാവശ്യമായ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും യഥാസമയം ലഭിക്കുന്നില്ല. നഗരസഭയിൽ നിന്നും നിലവിൽ 65 പേർക്ക് റഗുലർ പെൻഷൻ നൽകുന്നുണ്ട് (57+8 ഫാമിലി പെൻഷൻ). 2017 മാർച്ച് മാസം അവസാനിക്കുമ്പോൾ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് 7.57 കോടി രൂപ ലഭിക്കാനുണ്ട്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് ലഭിക്കുവാനുള്ള തുക സമയബന്ധിതമായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി കൈക്കൊള്ളേണ്ടതാണ്	തിരുവല്ല നഗരസഭക്ക് 31/12/2022 വരെ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും 11,08,91,381/-(പതിനൊന്ന് കോടി എട്ട് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി മുന്നൂറ്റി എൺപത്തി ഒന്ന് രൂപ ലഭിക്കാനുണ്ട്. നഗരകാര്യ ഡയറക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ജനറൽ പർപ്പസ് ഗ്രാന്റിൽ ആവശ്യമായ നീക്കിയിരുപ്പ് ഇല്ലാത്തതിനാൽ പെൻഷനും, പെൻഷൻ ആനുകൂല്യങ്ങളും നൽകുന്നതിനു തനതു ഫണ്ടിൽ നിന്നും ചെലവഴിച്ച വരുകയാണെന്നും തിരുവല്ല നഗരസഭ പെൻഷനും, പെൻഷൻ ആനുകൂല്യങ്ങളും വിതരണം ചെയ്യുവാൻ 31/12/2022 വരെ തനത് ഫണ്ടിൽ നിന്നും ചെലവായ 11,08,91,381/-(പതിനൊന്ന് കോടി എട്ട് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി മുന്നൂറ്റി എൺപത്തി ഒന്ന്) രൂപ ലഭിക്കാനുണ്ടെന്നും എന്നാൽ 31/12/2022 വരെ 10,63,63,525/-(പത്ത്കോടി അറുപത്തി മൂന്ന് ലക്ഷത്തി അറുപത്തി മൂവായിരത്തി അഞ്ഞൂറ്റി ഇരുപത്തി അഞ്ച്) രൂപയെ അനുവദിക്കാനുള്ളു. ആയതിനു ശേഷം 31/03/2024 വരെയുള്ള കണക്കുകൾ പ്രകാരം തിരുവല്ല നഗരസഭയ്ക്ക് തനത് ഫണ്ടിൽ നിന്ന് ചെലവായ 14,08,67,261/-(പതിനാലു കോടി

		എട്ട് ലക്ഷത്തി അറുപത്തി ഏഴായിരത്തി ഇരുന്നൂറ്റി അറുപത്തി ഒന്ന്) രൂപ അനുവദിക്കാനുണ്ട് സെൻട്രൽ പെൻഷൻ ഫണ്ടിൽ തുക നീക്കിയിരിപ്പില്ലാത്ത സാഹചര്യം കാലാകാലങ്ങളിൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതും ആയതു പരിഗണിച്ച് സർക്കാർ 2010 -11 മുതൽ 2022-23 വരെ കാലയളവിൽ സർക്കാർ അനുവദിച്ച് നൽകിയ 310 കോടി നഗരസഭകൾക്ക് അവർക്ക് നൽകാനുള്ള തുകയുടെ ആനുപാതികമായി അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട് . സർക്കാരിൽ നിന്നും സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അലോട്ട്മെന്റ് ലഭ്യമാകുന്ന മുറക്ക് മറ്റ് മുൻസിപ്പാലിറ്റികൾക്കെന്ന പോലെ ആനുപാതികമായി തിരുവല്ല മുൻസിപ്പാലിറ്റിക്കും തുക അനുവദിക്കുന്നതാണെന്നും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	അദ്ധ്യായം 1.14 – കാസർഗോഡ് ജില്ല	
1.14.1	**കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്** **ഗ്രാമീണ മാർക്കറ്റും തൊഴിൽ പരിശീലന കേന്ദ്രവും നിഷ്ക്രീയ ആസ്തിയായി തുടരുന്നു.** കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിക്കുകയും, 2015-16 വർഷത്തിൽ പണി പൂർത്തീകരിച്ച് 25.09.2015 ൽ ഉദ്ഘാടനം നിർവ്വഹിക്കപ്പെടുകയും ചെയ്ത ഗ്രാമീണ മാർക്കറ്റും തൊഴിൽ പരിശീലന കേന്ദ്രവും നിഷ്ക്രിയ ആസ്തിയായിരിക്കുകയാണ്. രണ്ട് നിലകളിലായി ആകെ 10 മുറികളും, ഒരു ഹാളും ഉള്ള കെട്ടിടത്തിന്റെ നിർമ്മാണച്ചെലവ് 48,73,131/- രൂപയാണ് .	ഗ്രാമീണമാർക്കറ്റ് കെട്ടിടത്തിലുള്ള ഹാളിൽ ഓഡിറ്റ് പരാമർശിത കമ്പ്യൂട്ടറുകളും തയ്യൽ മെഷീനുകളും ഉപയോഗിച്ചുകൊണ്ട് കുടുംബശ്രീ യൂണിറ്റിന്റെ നേതൃത്വത്തിൽ പരിശീലന പരിപാടികൾ നടത്തുന്നുണ്ടെന്നും കൂടാതെ ഗ്രാമീണ മാർക്കറ്റിലെ മുഴുവൻ മുറികളും വാടകയ്ക്ക് നൽകിയിട്ടുണ്ടെന്നും അതിനാൽ ഗ്രാമീണ മാർക്കറ്റും തൊഴിൽ പരിശീലന കേന്ദ്രവും നിഷ്ക്രിയ ആസ്തിയായി തുടരുന്നില്ല എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം സമിതി മുമ്പാകെ അറിയിക്കുന്നു.

	മുറികൾ വാടകയ്ക്ക് നൽകാനും, ഹാളിൽ പരിശീലനകേന്ദ്രം നടത്താനുമാണ് നിശ്ചയിച്ചിരിക്കുന്നത്. ഓഫീസ് നടത്തിയ സ്ഥലപരിശോധനയിൽ 9,02,578/- രൂപ ചെലവഴിച്ച് വാങ്ങിക്കൂട്ടിയ ഉപകരണങ്ങളെല്ലാം നാശത്തിന്റെ വക്കിലാണെന്ന് കണ്ടെത്തി. പല ഉപകരണങ്ങളുടെയും വാറണ്ടി കാലാവധി കഴിയുകയും ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ, യു.പി.എസ്, പ്രിന്റർ, തയ്യൽമെഷീൻ എന്നിവ പൊടിപിടിച്ച നിലയിലും കാണപ്പെട്ടു. ആകെ 57,75,709/- രൂപ ചെലവഴിച്ച് ഉണ്ടാക്കിയ കെട്ടിടവും മറ്റ് ഉപകരണങ്ങളും നിഷ്ക്രിയ ആസ്തിയായി നിലനിൽക്കുന്നു.	
1.14.1	**<u>കാസർഗോഡ്</u> നഗരസഭ- <u>കാലാവധി കഴിഞ്ഞ കെട്ടിട നിർമാണ പെർമിറ്റ് പുതുക്കുകയോ പൂർത്തീകരണ സാക്ഷ്യപത്രം നൽകുകയോ ചെയ്തിട്ടില്ല – വസ്തുനികുതി വരുമാനത്തിൽ വലിയ നഷ്ടം.</u>** 2013-14 കെട്ടിട പുനർനിർമാണം, കൂട്ടിച്ചേർക്കലുകൾ എന്നിവയ്ക്ക് വേണ്ടി കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കപ്പെട്ട വ്യക്തികൾ മൂന്ന് വർഷത്തെ പെർമിറ്റ് കാലാവധി അവസാനിച്ചിട്ടും പെർമിറ്റ് പുതുക്കുകയോ, പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകി ഒക്യുപൻസി സർട്ടിഫിക്കറ്റ് നേടുകയോ ചെയ്തിട്ടില്ലാത്തതിനാൽ ലഭിക്കേണ്ട വസ്തുനികുതി വരുമാനത്തിൽ വൻ നഷ്ടം സംഭവിക്കുന്നുണ്ട്. എല്ലാ വാർഡുകളിലും സ്ഥലപരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും എന്നാൽ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കാത്തതുമായ കെട്ടിടങ്ങൾ അനധികൃത കെട്ടിടങ്ങളായി കണക്കാക്കി, വസ്തുനികുതി നിർണയിച്ച് ഈടാക്കേണ്ടതാണ്.	ഓഡിറ്റ് പരാമർശത്തിലെ 16 കെട്ടിടങ്ങൾക്ക് ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി വസ്തു നികുതി ഈടാക്കുന്നുണ്ട്. നിലവിൽ പെർമിറ്റ് കാലാവധി കഴിഞ്ഞതിനാലും 10 വർഷം കഴിഞ്ഞതിനാൽ പെർമിറ്റ് പുതുക്കി നൽകാൻ കഴിയാതിരുന്നവർക്ക് വീട് നിർമ്മാണം റഗുലറൈസ് ചെയ്യുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ബാക്കിയുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് എത്രയും പെട്ടെന്ന് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ ജില്ലാ ഓഡിറ്റ് മുമ്പാകെ ബോധ്യപ്പെടുത്തുന്നതിനുള്ള നിർദ്ദേശവും സർക്കാർ നൽകിയിട്ടുണ്ട്.

	നഗരസഭയിൽ നിന്നും 2013-14 ൽ ബിൽഡിംഗ് പെർമിറ്റ് എടുത്ത ശേഷം പെർമിറ്റ് കാലാവധി പൂർത്തിയായിട്ടും ചട്ടപ്രകാരം ആയത് ദീർഘിപ്പിക്കുന്നതിന് അപേക്ഷിക്കുകയോ പൂർത്തീകരണ സാക്ഷ്യപത്രം നൽകുകയോ ചെയ്യാത്തവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.	
1.14.2	**<u>ആസൂത്രണത്തിലെ പോരായ്മയും മേൽനോട്ടത്തിലുള്ള വീഴ്ചയും മൂല പാഴായ പദ്ധതികൾ</u>** 2009-10 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ കാസർഗോഡ് നഗരം ചെലവഴിച്ച് നടപ്പാക്കിയ പല പദ്ധതികളും കൃത്യമായ ആസൂത്രണത്തിന്റേയും സമയബന്ധിതമായ മേൽനോട്ടത്തിന്റേയും അഭാവത്തിൽ പാതി വഴിയിൽ ഉപേക്ഷിച്ച നിലയിലാണ്. പദ്ധതി വിഹിതത്തിൽ നിന്ന് പണം ചെലവഴിച്ചിട്ടുണ്ടെങ്കിലും പല പദ്ധതികളുടെയും ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. i. <u>ചെന്നിക്കര എൽ.പി.ജി ഗ്യാസ് ശ്മശാനം - ഗ്യാസ് ചേമ്പർ സ്ഥാപിച്ച് അഞ്ച് വർഷം കഴിഞ്ഞു -പ്രവർത്തനം തുടങ്ങിയിട്ടില്ല.</u> ശ്മശാനം നിർമ്മിക്കുന്നതിനായി 2011-12 മുതൽ 2015-16 വരെ വർഷങ്ങളിലായി നഗരസഭ 68.57 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. എൽ.പി.ജി ശ്മശാനം പ്രവർത്തനയോഗ്യമാക്കാൻ നഗരസഭയ്ക്ക് നാളിതു വരെ സാധിച്ചിട്ടില്ല. 16 ലക്ഷം രൂപ ചെലവഴിച്ച് 2012-13 ൽ സ്ഥാപിച്ച ഗ്യാസ് ചേമ്പറും ചിമ്മിനിയും തുരുമ്പെടുത്ത് നശിക്കുകയാണ്.	നഗരസഭയുടെ അധീനതയിലുള്ള ചെന്നിക്കര ശ്മശാനത്തിന്റെ കെട്ടിടങ്ങളും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും നേരത്തെ ആരംഭിച്ചെങ്കിലും 2019-2020 വർഷത്തിൽ മൃതദേഹങ്ങൾ സംസ്കരിച്ചുകൊണ്ട് പൂർണ്ണതോതിൽ പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ട്. അനാഥ മൃതദേഹങ്ങൾ ഒഴികെയുള്ള മറ്റെല്ലാ സംസ്കാരത്തിനും മുനിസിപ്പാലിറ്റി പരിധി പുറത്തുള്ളവർക്ക് 4,000/- രൂപയും, മുനിസിപ്പാലിറ്റി പരിധിയിലുള്ളവർക്ക് 3,500/- രൂപയുമാണ് കൗൺസിൽ തീരുമാനപ്രകാരം ഈടാക്കിവരുന്നത്. മൃതദേഹം സംസ്കരിക്കുന്ന പ്രക്രിയകൾക്ക് നഗരസഭ ആരോഗ്യ വിഭാഗത്തിൽ നിന്ന് ഒരു തൊഴിലാളിയേയും, പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് ഒരു പബ്ലിക്ക് ഹെൽത്ത് ഇൻസ്പെക്ടറെയും നിയമിച്ചിട്ടുണ്ട്. പദ്ധതി ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടുണ്ട് എന്ന് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

	(ii) ആശ്രയ ഭവന നിർമാണം - പാതി വഴിയിൽ ഉപേക്ഷിച്ചു	
	ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട 15 അഗതി കുടുംബങ്ങൾക്ക് കൊറക്കോട് എന്ന സ്ഥലത്ത് ഭൂമി വാങ്ങി നൽകുന്നതിനും പാർപ്പിടം പണിയുന്നതിനുമായി പദ്ധതി വിഹിതം തുകയിൽ നിന്ന് 2015-16 വരെ ആകെ 45 ലക്ഷം രൂപ ചെലവഴിച്ചിട്ടും ഭവന നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ച നിലയിലാണ്. കൂടാതെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട 20 കുടുംബങ്ങൾക്ക് പാർപ്പിടം നിർമ്മിക്കുന്നതിനായി നഗരസഭ ചേരങ്കൈ എന്ന സ്ഥലത്ത് 2009-10 വർഷം 10,00,000/- രൂപ ചെലവിൽ ഭൂമി വാങ്ങി നൽകിയിരുന്നു. വാങ്ങിയ ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട വെള്ളക്കെട്ടുള്ള കൃഷി സ്ഥലമായതിനാൽ വീട് നിർമ്മാണം അസാധ്യമായ അവസ്ഥയിലാണ്.	ആശ്രയ ഭവന പദ്ധതിയിൽ ഉൾപ്പെട്ട 15 അഗതി കുടുംബത്തിന് കൊറക്കോട് എന്ന സ്ഥലത്ത് ഭൂമി വാങ്ങുന്നതിനും പാർപ്പിടം പണിയുന്നതിനും വേണ്ടി പദ്ധതി തയ്യാറാക്കി അംഗീകാരം നേടി ഭവന നിർമ്മാണം നിലവിൽ എല്ലാം ഗുണഭോക്താക്കളും പൂർത്തീകരിച്ച് താമസം തുടങ്ങിയിട്ടുള്ളതാണ്. കൂടാതെ 20 കുടുംബത്തിന് 50,000/- രൂപ വീതം (സെന്റ് ഒന്നിന് 12,500/- രൂപ തോതിൽ 4 സെന്റ് സ്ഥലം) പാർപ്പിടം നിർമ്മിക്കുന്നതിന് ചേരങ്കൈ എന്ന സ്ഥലത്താണ് 2009-10 വർഷം 10,00,000/- രൂപ ചെലവിൽ ഭൂമി വാങ്ങിയത്. മേൽ പരാമർശിച്ച ഭൂമി നഗരസഭാ വാങ്ങി ആധാരം ഗുണഭോക്താക്കൾക്ക് സ്വന്തം നിലക്കാണ് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുള്ളതാണ്. കാസറഗോഡ് നഗരസഭയിൽ സെന്റ് ഒന്നിന് 12,500/- രൂപ നിരക്കിൽ മറ്റ് എവിടെയും സ്ഥലം ലഭ്യമല്ലാത്തതിനാലാണ് ഈ സ്ഥലം തിരെഞ്ഞെടുത്തത്. പ്രസ്തുത സ്ഥലത്തിന്റെ ചുറ്റുപാടും ഭവന നിർമ്മാണം നടത്തിയിട്ടുള്ളതിനാലും കാലങ്ങളായി കൃഷി യോഗ്യമല്ലാത്ത സ്ഥലമായതിനാലുമാണ് നഗരസഭ ഗുണഭോക്താക്കൾക്ക് ഈ ഭൂമി വാങ്ങി നൽകിയത്. പ്രസ്തുത സ്ഥലം പ്രസ്തുത സമയത്തുള്ള സർക്കാർ ഉത്തരവ് പ്രകാരം ഗുണഭോക്താവിന് ഭവന

		നിർമ്മാണത്തിന് 5 സെന്റ് സ്ഥലം വരെ മണ്ണിട്ട് നികത്തി വീട് നിർമ്മാക്കാൻ അനുമതി ലഭിക്കും എന്നതിന്റെ അടിസ്ഥാനത്തിലാണ് ഭൂമിവാങ്ങിയത്. ഭൂമി വാങ്ങുന്നതുമായി ബന്ധപ്പെട്ട് സി.ഡി.എസ് യോഗത്തിൽ ബഹു: ചെയർമാൻ.സ്റ്റാന്റിംഗ് ചെയർമാൻമാർ സി.ഡി.എസ് ചെയർപേഴ്സൺ, സെക്രട്ടറി എന്നിവരുടെ സാന്നിദ്ധ്യത്തിൽ അവതരിപ്പിക്കുകയും യോഗ തീരുമാന പ്രകാരമാണ് സ്ഥലം വാങ്ങിയിട്ടുള്ളത്. നഗരസഭാ മുൻകൈ എടുത്ത് പ്രസ്തുത സ്ഥലം ഡാറ്റാ ബാങ്കിൽ നിന്നും നീക്കം ചെയ്യുന്നതിനും ഗുണഭോക്താക്കളെ കൊണ്ട് അപേക്ഷ സമർപ്പിക്കുന്നതിനും ഡാറ്റാ ബാങ്കിൽ നിന്നും നീക്കം ചെയ്ത് ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണാനുമതി നൽകുകയും വീട് നിർമ്മാണത്തിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നതാണെന്ന് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ഡാറ്റാബാങ്കിൽ നിന്നും പ്രസ്തുത സ്ഥലം നീക്കം ചെയ്ത് ലഭിക്കുന്ന മുറയ്ക്ക് വീട്ടു നിർമ്മാണത്തിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ വേണ്ടുന്ന അടിയന്തര നടപടി സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ബഹു. സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.

	(iii) ഇ.എം.എസ് ഭവന നിർമ്മാണം - പാതി വഴിയിൽ ഉപേക്ഷിച്ച നിലയിൽ 2010-11 വർഷം കാസർഗോഡ് നഗരസഭയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭവന രഹിതർക്ക് വീട് നൽകുക എന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കിയ ഇ.എം.എസ് ഭവനനിർമാണ പ്രവൃത്തി പാതി വഴിയിൽ ഉപേക്ഷിച്ച നിലയിലാണ്. പദ്ധതി വിഹിതം തുക ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതിയിൽ തെരെഞ്ഞെടുത്ത 132 ഗുണഭോക്താക്കൾക്ക് പദ്ധതി വിഹിതം ഉപയോഗിച്ച് ഭവന നിർമാണത്തിന് സാമ്പത്തിക സഹായം നൽകിയിരുന്നുവെങ്കിലും 104 പേർ മാത്രമാണ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. നാളിതുവരെയും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത 29 കുടുംബങ്ങൾക്ക് 2015-16 വർഷം വരെ നൽകിയ പദ്ധതി വിഹിതം തുകയായ 15,52,500/- രൂപ പാഴായിട്ടുണ്ട്.	2010-11 വർഷം നടപ്പിലാക്കിയ ഇ.എം.എസ് ഭവന പദ്ധതി പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് തുടർവർഷങ്ങളിലും പദ്ധതിക്ക് തുക നീക്കിവെച്ചത്. പരാമർശത്തിൽ പ്രതിപാദിക്കുന്ന 29 ഗുണോഭോക്താക്കളിൽ 19 ഗുണോഭോക്താക്കൾ വീടിന്റെ പണി പൂർത്തിയാക്കി താമസയോഗ്യമാക്കിയിട്ടുണ്ട്. ബാക്കിയുള്ള 10 ഗുണോഭോക്താക്കളുടെ വിവരം സംബന്ധിച്ചുള്ള റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നൽകിയിട്ടുണ്ട്.

M.S. BIJUKUTTAN
Additional Secretary to Govt.
Local Self Government Dept.
Govt. Secretariat, Tvpm.
PEN. 101250